**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2926** **22-01-2021 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നുകളുടെ വ്യാപകമായ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ വ്യാപകമായ ഉപയോഗവും വിൽപ്പനയും വലിയ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (ബി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. സംസ്ഥാനത്തെ എക്സൈസ് റെയിഞ്ച്, സർക്കിൾ ഓഫീസുകൾക്ക് പുറമെ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ മേഖലാ സ്ക്വാഡുകൾ മൂന്ന് മേഖലകളിലായി പ്രവർത്തിച്ചുവരുന്നു. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് വളരെ ഊർജ്ജസ്വലമായി പ്രവർത്തിക്കുകയും വളരെയധികം കേസുകൾ കണ്ടെടുക്കുകയും ചെയ്യുന്നുണ്ട്. എക്സൈസ് ഇന്റലിജൻസ് വിഭാഗം നൽകുന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലും കേസുകൾ കണ്ടെടുക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ വഴിയുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളെ കൂടാതെ ബോർഡർ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് പൊതു ജനങ്ങളെ ബോധവത്കരിക്കുന്നതിനും ലഹരിയ്ക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗും ലഹരിമുക്തിക്കായുള്ള ചികിത്സയും വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ഡിസംബർ വരെ 27270 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 10235 കി.ഗ്രാം കഞ്ചാവ്, 7510 കഞ്ചാവ് ചെടി, 190.912 കി.ഗ്രാം ഹാഷിഷ് ഓയിൽ, 689.105 ഗ്രാം ഹെറോയിൻ, 849.454 ഗ്രാം ബ്രൗൺ ഷുഗർ, 32.049 കി. ഗ്രാം എം.ഡി.എം.എ, |

| | | | |
|---|---|---|---|
| | | | 14.33 കി.ഗ്രാം ചരസ്, 5.7 കി.ഗ്രാം ഓപ്പിയം, 90530 എണ്ണം ആംപ്യൂളുകൾ/ഗുളികകൾ എന്നിവ പിടിച്ചെടുത്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ